ഖുത്ബ
14.5.2004
ബൈത്തുൽ ഫുത്തൂഹ്
മോർഡൻ

# മർത്യന് സ്വർഗ്ഗമൊരുക്കുന്നത് തൗബയും ഇസ്തിഗ്ഫാറും

وَمَن يَعْمَلْ سُوٓءًا أَوْ يَظْلِمْ نَفْسَهُۥ ثُمَّ يَسْتَغْفِرِ ٱللَّهَ يَجِدِ ٱللَّهَ غَفُورًا رَّحِيمًا ﴿١١٠﴾

തെറ്റുകളിലേക്കും കുറ്റങ്ങളിലേക്കും അലസതകളിലേക്കും വേഗം ചായുന്നവിധത്തിലാണ് മനുഷ്യപ്രകൃതി സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഈ മാനുഷികമായ ദുർബ്ബലതയുടേയും പ്രകൃതിപരമായ പ്രേരണയുടേയും സമ്മർദ്ദത്തിൽ അതിന്റെ കുടുക്കിൽ ഭൗതികമായ തത്രപ്പാടിൽ അകപ്പെട്ടുകിടക്കുന്നവനും അല്ലാഹുവിനെ ആരാധിക്കുന്നതിലേക്കും അവനോട് തന്റെ പാപങ്ങളേറ്റു പറഞ്ഞ് മാപ്പു ചോദിക്കുന്നതിലേക്കും അല്പം പോലും ശ്രദ്ധ ഇല്ലാത്തവനുമായ സാധാരണക്കാരൻ എന്തായാലും അകപ്പെടും. പുണ്യാത്മാക്കളിലും ഇതിന്റെ സ്വാധീനം ഉണ്ടാകാതിരിക്കുകയില്ല. എത്രത്തോളമെന്നാൽ, പ്രവാചകന്മാരും ഇതിന്റെ സമ്മർദ്ദത്തിന് വശംവദരാകാം. പക്ഷേ, ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. പ്രകൃതിപരമായ ഈ ദുർബലതയും മാനുഷികമായ ഈ ബലഹീനതയും പ്രവാചകന്മാർക്ക് നല്ലവണ്ണം അറിയാം. അതുകൊണ്ട്, യാ ഇലാഹീ, മാനുഷികമായ ബലഹീനതകൾ വെളിപ്പെടാത്ത രീതിയിൽ നീ ഞങ്ങളെ കാക്കേണമേ എന്ന് അവർ ദുആ ചെയ്യുന്നു. പ്രവാചകന്മാരുടെ അവസ്ഥ ഇതാകുമ്പോൾ അതായത് അവർ എപ്പോഴും പൊറുക്കലിനെ തേടുകയും സംരക്ഷണത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ ഒരു സാധാരണക്കാരന് അത് എത്ര മാത്രം ആവശ്യമാണ്. അവനിൽനിന്ന് നിത്യവും നൂറു കണക്കിന് തെറ്റുകളും കുറ്റങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതിൽ നിന്ന് രക്ഷപ്പെടാൻ അല്ലെങ്കിൽ അതിന്റെ ദുസ്സ്വാധീനത്തിൽ നിന്ന് രക്ഷപ്പെടാൻ എത്രവട്ടം അവൻ പൊറുക്കലിനെ തേടണം. ഇക്കാര്യം ആദ്യം തന്നെ ശ്രദ്ധിക്കുകയാണെങ്കിൽ ഒരുപാട് കുറ്റങ്ങളിൽ നിന്നും തെറ്റുകളിൽ നിന്നും അവന് രക്ഷപ്പെടാൻ കഴിയുന്നതാണ്. അതുകൊണ്ട് ഇതിലേക്ക് ശ്രദ്ധിക്കേണ്ടത് വളരെ അത്യാവശ്യമാണ്. സത്യവിശ്വാസിയുടെ തൗബ അഥവാ പശ്ചാത്താപം സ്വീകരിക്കാനും അവന് പൊറുത്തുകൊടുക്കാനുള്ള സാഹചര്യമൊരുക്കാനും അല്ലാഹു എപ്പോഴും തയ്യാറായിരിക്കുന്നു. മഗ്ഫിറത്ത് അഥവാ പാപപ്പൊറുതി എന്ന വിഷയം വിശുദ്ധ ഖുർആനിൽ നിരവധി സ്ഥലങ്ങളിൽ വിവിധ രീതിയിൽ പറഞ്ഞിട്ടുണ്ട്. ചിലയിടത്ത് ദുആകൾ പഠിപ്പിച്ചിരിക്കുന്നു. നിങ്ങൾ ഇങ്ങനെ ദുആ ചെയ്താൽ ഒരുപാട് മാനുഷിക ദൗർബല്യങ്ങളിൽ നിന്ന് നിങ്ങൾക്ക് രക്ഷപ്പെടാൻ കഴിയുമെന്ന് പറഞ്ഞിരിക്കുന്നു. ഇങ്ങനെ പാപപ്പൊറുതി തേടിയാൽ ഇപ്രകാരം അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവകാശികളാകുമെന്ന് ചിലയിടത്ത് പറഞ്ഞിരിക്കുന്നു. ചിലയിടങ്ങളിൽ സുവിശേഷം നല്കുന്നു. ഇന്ന ഇന്ന രീതിയിൽ എന്നോടു പാപപ്പൊറുതി തേടിയാൽ ഇങ്ങനെ ദുനിയാവിന്റെ അഴുക്കുകളിൽ നിന്ന് രക്ഷിക്കപ്പെടുമെന്നും എന്റെ ജന്നത്ത് ലഭിക്കുന്നവരാകുമെന്നും ചിലയിടങ്ങളിൽ വാഗ്ദാനം ചെയ്യുന്നു. പാപപ്പൊറുതി തേടുന്നവരെ ഞാൻ സ്നേഹിക്കുന്നുവെന്ന് ചിലയിടങ്ങളിൽ വെളിപ്പെടുത്തുന്നു. അല്ലാഹുവിന്റെ സ്നേഹത്തോടും പ്രേമത്തോടും പൊറുക്കലോടുമുള്ള പെരുമാറ്റത്തെക്കുറിച്ച് മനുഷ്യൻ ചിന്തിച്ചുനോക്കിയാൽ അതിനുള്ള നന്ദി ജീവിതം മുഴുവൻ പ്രകടിപ്പിച്ചുകൊണ്ടിരുന്നാലും മതിയാകുകയില്ല. ഇങ്ങനെയൊക്കെയായിട്ടും ആ പൊറുക്കുന്നവനും കരുണാമയനുമായ അല്ലാഹുവിന്റെ കരുണയിൽ നാം ഭാഗഭാക്കാകുന്നില്ലെങ്കിൽ അതു നമ്മുടെ ദൗർഭാഗ്യമായിരിക്കും; നന്മയിൽ അഭിവൃദ്ധിപ്പെടുന്നതിനുപകരം തിന്മയിൽ തിമിർത്തുകൊണ്ടു പോകുന്നത് നിർഭാഗ്യമായിരിക്കും. അല്ലാഹുവിനോട് എപ്പോഴും അവന്റെ പൊറുക്കൽ തേടിക്കൊണ്ടിരിക്കേണ്ടതാണ്. അവൻ എപ്പോഴും അവന്റെ പൊറുക്കലിന്റെ പുതപ്പിൽ നമ്മെ പൊതിഞ്ഞുവയ്ക്കുമാറാകട്ടെ. നമ്മെ എല്ലാ പാപങ്ങളിൽ നിന്നും രക്ഷിക്കുമാറാകട്ടെ. ചെയ്തു പോയ പാപങ്ങൾ മാപ്പു ചെയ്തു തരുമാറാകട്ടെ. ഹസ്റത്ത് അബൂ മൂസാ അശ്അരി (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: പകൽ പാപം ചെയ്തവരുടെ തൗബ രാത്രിയിലും, രാത്രി പാപം ചെയ്തവരുടെ തൗബ പകലും സ്വീകരിക്കുവാൻ അല്ലാഹു തയ്യാറാകുന്നു. ഈ പ്രക്രിയ സൂര്യൻ പടിഞ്ഞാറുനിന്നും ഉദിക്കുന്നതുവരെ തുടരുന്നതാകുന്നു. (മുസ്‌ലിം). ലോകം നിലനില്ക്കുന്ന കാലത്തോളം അല്ലാഹു തന്റെ പൊറുക്കലിന്റെ പുതപ്പ് വിരിക്കാതിരിക്കുക എന്നത് അസം

ഭാവ്യമാണ്. പുണ്യാത്മാക്കളെ തന്റെ മഗ്ഫിറത്തിന്റെ ചാദ്ദർ പുതപ്പിക്കാതിരിക്കുക എന്നത് അസംഭാവ്യ മാണ്.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: ഇസ്തിഗ്ഫാർ എന്നതിന്റെ അർത്ഥം ചെയ്തുപോയ കുറ്റങ്ങളുടേയും പാപങ്ങളുടേയും ശിക്ഷയിൽ നിന്ന് അല്ലാഹുവിനോട് സംരക്ഷണം തേടുക എന്നാണ്. വരും കാലങ്ങളിൽ ഉണ്ടാകാനിട യുള്ള പാപങ്ങളിൽ നിന്ന് സംരക്ഷണം തേടുക. പ്രവാചകന്മാരും ഇസ്തിഗ്ഫാർ-പാപപ്പൊറുതി-തേ ടാറുണ്ടായിരുന്നു; സാധാരണക്കാരും.

വീണ്ടും അവിടന്ന് പറയുന്നു: മൂടുന്നതിനാണ് ഗഫർ എന്നു പറയുന്നത്. യാഥാർത്ഥ്യമെന്താണെ ന്നുവച്ചാൽ, അല്ലാഹുവിനുള്ള ശക്തി ഒരു നബിയ്ക്കു മില്ല, ഒലിയ്ക്കുമില്ല, റസൂലിനുമില്ല. സ്വന്തം ശക്തി കൊണ്ട് പാപങ്ങളിൽ നിന്ന് രക്ഷപ്പെടാൻ കഴിയു മെന്ന് ആർക്കും പറയാൻ സാധ്യമല്ല. അതുകൊണ്ട് പ്രവാചകന്മാരും സംരക്ഷണത്തിന് അല്ലാഹുവിനെ ആശ്രയിക്കുന്നവരാണ്. ദാമ്പത്യത്തെ വെളിപ്പെടു ത്താൻ വേണ്ടി നബി (സ) തിരുമേനിയും മറ്റു പ്രവാ ചകന്മാരെപ്പോലെ തന്റെ സംരക്ഷണവും അല്ലാഹു വിനോടു ചോദിക്കാറുണ്ടായിരുന്നു.

ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) ഇങ്ങനെ പറയാറുണ്ടായിരു ന്നു. അല്ലാഹുവാണെ, നിശ്ചയം, ദിവസത്തിൽ എഴു പതിൽപരം പ്രാവശ്യം അല്ലാഹുവിങ്കലേക്ക് ഞാൻ മടങ്ങുകയും പാപമോചനത്തിനായി അർത്ഥിക്കു കയും ചെയ്യുന്നു. (ബുഖാരി)

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: ഇസ്തിഗ്ഫാർ ഒരു അറബി പദമാണ്. ഇതിന്റെ അർത്ഥം പാപപ്പൊറുതി തേടുക എന്നാ ണ്. യാ ഇലാഹീ, ഞങ്ങളിൽ നിന്ന് വന്നു പോയി ട്ടുള്ള പാപങ്ങളുടെ ദുഷ്ഫലങ്ങളിൽ നിന്ന് നീ ഞങ്ങളെ രക്ഷിച്ചാലും, കാരണം പാപം ഒരു വിഷ മാണ്. ഇതിന്റെ ദോഷഫലം ഉണ്ടാകുകതന്നെ ചെയ്യും. പാപങ്ങൾ ഭാവിയിൽ ഉണ്ടാകാത്തവിധം നീ ഞങ്ങളെ സംരക്ഷിച്ചുനിറുത്തിയാലും. ഉരുവിടു ന്നതുകൊണ്ടു മാത്രം ഉദ്ദേശ്യം നേടാൻ കഴിയുക യില്ല. തൗബയും ഇസ്തിഗ്ഫാറും, ജപവും മന്ത്രവും പോലെ ചെയ്യരുത്. അതിന്റെ പൊരുളും അർത്ഥവും മുന്നിൽ കണ്ടുകൊണ്ട് ഉത്സാഹത്തോടും സത്യ സ്നേഹത്തോടും കൂടി അല്ലാഹുവിന്റെ തിരുസന്നി ധിയിൽ ദുആ ചെയ്യുക.

ഞാനോതിയ വചനത്തിന്റെ വ്യാഖ്യാനത്തിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

സൂഅ് (തിന്മ). ഈ രീതിയിലുള്ള പ്രകൃത ക്കാരും ലോകത്തുണ്ട്. നിത്യേനയുള്ള കാഴ്ചകളിൽ നിന്ന് അതിന്റെ അസ്തിത്വം സ്ഥാപിതമാകുന്നുണ്ട്. അവന്റെ ആത്മാവിന്റെ പ്രകൃതിപരമായ കോലാഹ ലവും കോപിക്കലും കുറയുകയില്ല. എന്തുകൊണ്ടെ ന്നാൽ, അല്ലാഹു വെച്ചതിനെ ആർക്കാണ് അകറ്റാൻ കഴിയുക. ഹാ, അല്ലാഹു അതിന് ഒരു ചികിത്സയും വെച്ചിട്ടുണ്ട്. അതെന്താണ്? തൗബയും ഇസ്തി ഗ്ഫാറും നിദാമത്തും. പശ്ചാത്താപവും പൊറുക്ക ലിനെതേടലും, ലജ്ജിക്കലും. അതായത് അവന്റെ ആത്മാവിന്റെ പ്രേരണയാൽ ഉണ്ടായ ദുഷ്കർമം, അല്ലെങ്കിൽ സ്വഭാവികമായി എന്തെങ്കിലും ചീത്തവി ചാരം അവനിൽ ഉണ്ടായാൽ, തൗബയും ഇസ്തി ഗ്ഫാറും കൊണ്ട് അവൻ അതിനെ അകറ്റാൻ ആഗ്ര ഹിച്ചാൽ അല്ലാഹു ആ പാപം അവന് പൊറുത്തു കൊടുക്കുന്നതാണ്. അവൻ അശ്രദ്ധമൂലം ആവർത്തി ച്ചാവർത്തിച്ച് ദുരിതമനുഭവിക്കുകയും ആവർത്തിച്ചാ വർത്തിച്ച് ലജ്ജിതനും പശ്ചാത്തപിക്കുന്നവനുമായി അല്ലാഹുവിലേക്ക് മടങ്ങുകയും ചെയ്താൽ, ആ ലജ്ജയും പശ്ചാത്താപവും അവനിലെ മാലിന്യത്തെ കഴുകിക്കളയുന്നതാണ്. ഇതു തന്നെയാണ് യഥാർത്ഥ പ്രായശ്ചിത്തം. അതാണ് അവന്റെ പ്രകൃതിപരമായ പാപത്തിനുള്ള ചികിത്സ. ഇതിലേക്ക് സൂചന നല്കി ക്കൊണ്ട് അല്ലാഹു പറയുന്നു:

وَمَن يَعْمَلْ سُوءًا أَوْ يَظْلِمْ نَفْسَهُ ثُمَّ يَسْتَغْفِرِ اللَّهَ
يَجِدِ اللَّهَ غَفُورًا رَّحِيمًا ﴿١١١﴾

അതായത് ആരിൽ നിന്നെങ്കിലും ദുഷ്പ്രവൃ ത്തിയുണ്ടായാൽ അല്ലെങ്കിൽ തന്റെ ആത്മാവിനോട് ഏതെങ്കിലും തരത്തിലുള്ള ദ്രോഹം ചെയ്താൽ, പിന്നീട് അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരായി അവനോട് മാപ്പുചോദിച്ചാൽ, അല്ലാഹുവിനെ അവൻ പാപം പൊറുക്കുന്നവനും കരുണാമയനുമായി കാണുന്നതാണ്. (4:111) സൂക്ഷ്മവും യുക്തിമയവു മായ ഈ വാക്യത്തിന്റെ അർത്ഥം, ന്യൂനതയുള്ള ആത്മാക്കളുടെ പ്രത്യേകതയായ, അവരിൽ നിന്നു ണ്ടാകുന്ന പാപങ്ങൾക്കെതിരിൽ അല്ലാഹുവിന്റെ ആദ്യമെയുള്ളതും ശാശ്വതവുമായ പ്രത്യേകത പൊറുക്കലും കരുണയുമാണ്. അവൻ തന്റെ സത്ത യിൽ പൊറുക്കുന്നവനും കരുണാമയനുമാണ്. അതാ യത് അവന്റെ പൊറുക്കൽ തിടുക്കത്തിലുള്ളതോ യാദൃച്ഛികമോ അല്ല. അത് അവന്റെ പണ്ടുമുതൽക്കേ യുള്ള സത്തയുടെ സവിശേഷഗുണമാണ്. അവൻ ആരെയാണോ സ്നേഹിക്കുന്നത്, ആരാണോ അവന്റെ അനുഗ്രഹം ആഗ്രഹിക്കുന്നത്, അതായത് പാപത്തിലകപ്പെട്ടതിനുശേഷം തൗബയും ലജ്ജയും കൊണ്ട് അല്ലാഹുവിങ്കലേക്ക് ആരാണോ മടങ്ങുന്ന ത്, അപ്പോൾ അയാൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ അവന്റെ കാരുണ്യത്തിനും പൊറുക്കലിനും അർഹ നായിത്തീരുന്നു. അയാളുടെ ലജ്ജയും വിഷമവും പാപപ്പൊറുതിയും കണ്ട് അല്ലാഹുവും അയാളിലേക്ക് മടങ്ങുന്നു. അവനു പൊറുത്തു കൊടുക്കാനുള്ള സാഹചര്യം ഒരുക്കുന്നു. ലജ്ജിതനും പശ്ചാത്തപിച്ചു മടങ്ങുന്നവനുമായവനിലേക്കുള്ള അല്ലാഹുവിന്റെ

ഈ മടക്കം ഒന്നോ രണ്ടോ തവണ പരിമിതമല്ല. അത് അനശ്വരമായ പ്രത്യേകതയാണ്.

മനുഷ്യൻ സ്ഥിരമായി അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും, മാപ്പുചോദിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ അല്ലാഹുവും എപ്പോഴും അവന്റെ നിയ്യത്ത് നോക്കി പാപം പൊറുത്തുകൊണ്ടിരിക്കും. മന:പൂർവ്വം പാപം ചെയ്യുന്നവരെക്കുറിച്ചല്ല ഇവിടെ പറയുന്നത്. നിയ്യത്തിന്റെ അടിസ്ഥാനത്തിലാണ് അല്ലാഹു കാര്യങ്ങൾ നടത്തുന്നത്. നിയ്യത്ത് ശുദ്ധമാണെങ്കിൽ അല്ലാഹു മാപ്പു കൊടുത്തുകൊണ്ടേയിരിക്കും.

ഹസ്റത്ത് അനസ് ബിൻ മാലിക്ക് (റ) വിവരിക്കുന്നു. നബി (സ) തിരുമേനി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. പാപത്തിൽ നിന്ന് സത്യസന്ധമായി പശ്ചാത്തപിച്ചു മടങ്ങുന്നവൻ ഒരു പാപവും ചെയ്യാത്തവനെ പോലെയാണ്. അല്ലാഹു ഒരാളെ സ്നേഹിക്കുമ്പോൾ അവനെ ക്ഷതമേല്പിക്കാൻ പാപത്തിനു കഴിയുകയില്ല. അതായത് പാപങ്ങളുടെ ചാലകശക്തികൾക്ക് അവനെ തിന്മയിലേക്ക് കൊണ്ടുപോകാൻ സാധിക്കുകയില്ല. പാപങ്ങളുടെ ദുഷ്ഫലങ്ങളിൽ നിന്ന് അല്ലാഹു അവനെ സംരക്ഷിക്കുന്നു. പിന്നീട് നബി (സ) ഈ വചനമോതി.

**ഇന്നല്ലാഹ യുഹിബ്ബുത്തവ്വാബീന വ യുഹിബ്ബുൽ മുതത്വഹ്ഹിരീൻ.**

നിശ്ചയമായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ സ്നേഹിക്കുന്നു. പരിശുദ്ധി കൈവരിക്കുന്നവരേയും അവൻ സ്നേഹിക്കുന്നു. (2:223)

അല്ലാഹുവിന്റെ റസൂലേ, (സ) പശ്ചാത്താപത്തിന്റെ ലക്ഷണങ്ങൾ എന്താണ് എന്ന് ചോദിക്കപ്പെട്ടു. അവിടന്ന് പറഞ്ഞു: ലജ്ജയും, വിഷമവും തൗബയുടെ ലക്ഷണമാണ്.

സയ്യിദുനാ ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: തൗബയും ഇസ്തിഗ്ഫാറും കൊണ്ട് പാപങ്ങൾ പൊറുക്കപ്പെടുന്നു എന്നത് സത്യമാണ്. അല്ലാഹു അവനെ സ്നേഹിക്കുന്നു. **ഇന്നല്ലാഹ യുഹിബ്ബുത്തവ്വാബീന വ യുഹിബ്ബുൽ മുതത്വഹ്ഹിരീൻ.** സത്യസന്ധമായി തൗബ ചെയ്യുന്നവൻ നിഷ്ക്കളങ്കതയുടെ നിറമുള്ളവനാണ്. ചെയ്തുപോയ പാപങ്ങൾ മാപ്പാക്കപ്പെടുന്നു; ഭാവിയിലേക്ക് അല്ലാഹുവുമായി കാര്യം ശുദ്ധമാക്കുക. ഇപ്രകാരം അല്ലാഹുവിന്റെ ഒലിമാരിൽ പ്രവേശിക്കുന്നതാണ്. പിന്നീട് അവനിൽ ഒരു പേടിയും വിഷമവും ഉണ്ടാകുകയില്ല.

വീണ്ടും അവിടന്ന് പറയുന്നു: യഥാർത്ഥമായ പശ്ചാത്താപം മനുഷ്യനെ അല്ലാഹുവിന്റെ സ്നേഹിതനാക്കിതീർക്കുന്നു. അതു മുഖേന പരിശുദ്ധിയും പവിത്രതയും ആർജ്ജിക്കാനുള്ള തൗഫീഖ് ലഭിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദാനമാണ്. **ഇന്നല്ലാഹ യുഹിബ്ബുത്തവ്വാബീന വ യുഹിബ്ബുൽ മുതത്വഹ്ഹിരീൻ.** അതായത് തൗബ ചെയ്യുന്നവരെ അല്ലാഹു സ്നേഹിക്കുന്നു. പാപങ്ങളുടെ ആകർഷണശക്തിയിൽ നിന്ന് പരിശുദ്ധരാകുന്നവരെയും അവൻ സ്നേഹിക്കുന്നു. തൗബ എന്നു പറയുന്നത്, അതിന്റെ യഥാർത്ഥ വസ്ത്രത്തിൽ അതു ചെയ്യുമ്പോൾ അതിനോടൊപ്പം മനുഷ്യന്റെ ഉള്ളിൽ പരിശുദ്ധിയുടെ ഒരു വിത്ത് കുഴിച്ചിടപ്പെടുന്നു. അത് അവനെ നന്മകളുടെ അനന്തരാവകാശിയാക്കിത്തീർക്കുന്നു. ഇക്കാര്യം തന്നെയാണ് നബി (സ) തിരുമേനി പറഞ്ഞിട്ടുള്ളത്; പാപങ്ങളിൽ നിന്ന് പശ്ചാത്തപിച്ചുമടങ്ങുന്നവൻ പാപം ചെയ്യാത്തവനെപ്പോലെയാണ്. അതായത്, പശ്ചാത്താപത്തിനു മുമ്പേയുള്ള പാപങ്ങൾ അവന് മാപ്പാക്കപ്പെടുന്നു. അവന്റെ ദുർനടത്തവും ദുശ്ശീലവും കൊണ്ട് അതിനുമുമ്പേ അവൻ ചെയ്തുകൂട്ടിയിട്ടുള്ള എല്ലാം അല്ലാഹു തന്റെ അനുഗ്രഹം കൊണ്ട് അവന് പൊറുത്തുകൊടുക്കുന്നു. പിന്നീട് അല്ലാഹുവുമായിട്ട് രഞ്ജിപ്പിനുള്ള ഒരു ഉടമ്പടി ചെയ്യുന്നു. പുതിയ കണക്കുകൾ ആരംഭിക്കുകയും ചെയ്യുന്നു.

നമ്മുടെ ഉള്ളിൽ പരിശുദ്ധിയുടെ ഒരു വിത്ത് കുഴിച്ചിടപ്പെടുമെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) ഇവിടെ പറയുന്നു. ഇന്ന് നാലു ഭാഗത്തും അശുദ്ധിയാണ്. അഹ്മദികളായ നമുക്ക് പ്രത്യേകിച്ച് നമ്മുടെ ഉള്ളിൽ പരിശുദ്ധിയുടെ ഈ വിത്ത് വളർത്താൻ കൂടുതൽ പരിശ്രമിക്കുകയും പാപപ്പൊറുതി തേടുകയും ചെയ്യേണ്ട ആവശ്യമുണ്ട്; അല്ലാഹു നമ്മുടെ തൗബ സ്വീകരിക്കാൻ, ഹൃദയം ശുദ്ധിയാക്കാൻ, ഇങ്ങനെ നമുക്ക് നമ്മുടെ ഹൃദയത്തിന്റെ മണ്ണിനെ തയ്യാറാക്കേണ്ടിവരും. അതിൽ അല്ലാഹുവിന്റെ അനുഗ്രഹം തേടിക്കൊണ്ട് നന്മയുടെ ബീജത്തെ പരിപാലിക്കേണ്ടിവരും. കർഷകൻ, തന്റെ ധാന്യവിത്തുകൾ മണ്ണിൽ വിതയ്ക്കുമ്പോൾ, പുല്ലുകളിൽ നിന്നും കളകളിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടി, ചിലപ്പോൾ വിതയ്ക്കു മുമ്പേ കളകളേയും പുല്ലുകളേയും നശിപ്പിക്കുന്നതിനുള്ള മാർഗം സ്വീകരിക്കാറുണ്ട്. അഥവാ അതു മുളച്ചാൽ പിഴുതെടുക്കുകയും ചെയ്യും. ഇപ്രകാരം നമ്മുടെ പാപങ്ങളുടെ കളകളെയും നാം പറിച്ചുനീക്കേണ്ടതാണ്. കണക്കെടുത്തുകൊണ്ടിരിക്കേണ്ടതാണ്. പാപങ്ങളെ എപ്പോഴും സൂക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണ്; നന്മയുടെ വിത്ത് ശരിയായ നിലയിൽ മുളച്ചുപൊങ്ങുന്നതിനുവേണ്ടി. പിന്നീട് നന്മയുടെ വിത്ത് മുളപൊട്ടി പുറത്തുവന്ന് അതു വളരാൻ തുടങ്ങുന്നു. അപ്പോൾ ശയ്ത്വാന്റെ ആക്രമണം തുടങ്ങുന്നു. കാരണം തിന്മയുടെ വിത്ത് ഒപ്പം തന്നെ യുണ്ടാകും. അപ്പോൾ കർഷകൻ കളപറിച്ചുകളയുന്നതുപോലെ അതിനെ പറിച്ചുകളയേണ്ടതാണ്. അതിന് പലരീതികളും കർഷകൻ സ്വീകരിക്കുന്നതുപോലെ നമുക്കും സ്വീകരിക്കാവുന്നതാണ്. ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് നന്മയുടെ വിത്ത് വളർത്താൻ ശ്രമിക്കേണ്ടതാണ്. ഇങ്ങനെ നാം നന്മയുടെ വിത്തിനെ വളർത്തിയെടുക്കുമ്പോൾ, അതി

നുവേണ്ടി ശ്രമിക്കുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതു വളരും പുഷ്പിക്കും. അങ്ങനെ മുഴുവൻ ശരീരത്തിലും നന്മയുടെ ആധിപത്യമുണ്ടാകും. എല്ലാ തിന്മയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവസാനിക്കുകയും ചെയ്യും.

ഹസ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: ആരാണോ എപ്പോഴും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുന്നത് അല്ലാഹു അവന്റെ ഞെരുക്കത്തിന്റെ നാളുകളിൽ അതിൽനിന്ന് വെളിയിൽ വരാനുള്ള വഴി അവന് തുറന്നു കൊടുക്കുന്നു. എല്ലാ ദു:ഖങ്ങളിൽ നിന്നും അവനെ മോചിപ്പിക്കുന്നു. അവൻ ചിന്തിക്കാത്ത വഴിയിലൂടെ അവന് ജീവിത വിഭവം നല്കുകയും ചെയ്യുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) തിരുമേനി പറഞ്ഞു: യാത്രാമധ്യേ മരുഭൂമിയിൽ വെച്ച് നഷ്ടപ്പെട്ടുപോയ ഒട്ടകത്തെ (പല സ്ഥലങ്ങളിലും തിരഞ്ഞുനടന്നു കണ്ടെത്താതെ നിരാശനായിരിക്കുമ്പോൾ) തിരിച്ചു കിട്ടിയവനുള്ള സന്തോഷത്തെക്കാൾ കൂടുതൽ അല്ലാഹു അവന്റെ ദാസന്റെ തൗബയിൽ സന്തോഷിക്കുന്നവനാണ്.

അല്ലാഹു ഇങ്ങനെ നമുക്കുവേണ്ടി പറയുമ്പോൾ നമ്മൾ എത്രത്തോളം അവനെ സ്നേഹിക്കണം. അവന്റെ കല്പനകളനുസരിച്ച് ജീവിക്കണം. നബി (സ) തിരുമേനി കൊണ്ടുവന്ന അധ്യാപനങ്ങൾ ജീവിതത്തിൽ പകർത്താൻ ശ്രമിക്കണം. വിശുദ്ധ ഖുർആന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കണം. തൗബചെയ്തുകൊണ്ട് അവന്റെ സന്നിധിയിൽ കുനിയണം. ഇക്കാര്യങ്ങളനുസരിച്ചെല്ലാം പ്രവർത്തിക്കാൻ അല്ലാഹു നമുക്കു തൗഫീഖ് നല്കുമാറാകട്ടെ.

ഹസ്റത്ത് ജുൻദുബ് (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: അല്ലാഹുവാണെ ഇയാൾക്ക് അല്ലാഹു പൊറുത്തുകൊടുക്കുകയില്ലെന്ന് ഒരാൾ പറഞ്ഞു. അപ്പോൾ അല്ലാഹു പറഞ്ഞു: ഇന്നയാൾക്ക് ഞാൻ പൊറുത്തുകൊടുക്കുകയില്ലെന്ന് പറഞ്ഞ് എന്നിൽ നിയന്ത്രണം ഏർപ്പെടുത്തിയതാരാണ്? ഞാൻ അവന് പൊറുത്തുകൊടുത്തിരിക്കുന്നു. എന്നാൽ, പൊറുത്തുകൊടുക്കുകയില്ല എന്നു പറഞ്ഞവന്റെ കർമ്മങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു.

ഇതു ചിലയാളുകളുടെ ശീലമാണ്. ഇന്നയാൾക്ക് പൊറുത്തുകൊടുക്കും. ഇന്നയാൾ പാപിയാണ്. ഇന്നയാൾ ഇങ്ങനെയാണ്. അങ്ങനെയാണ്. എന്നൊക്കെ. ഇതു നല്ലതല്ല. പൊറുക്കുകയോ പൊറുക്കാതിരിക്കുകയോ ചെയ്യുക അല്ലാഹുവിന്റെ പണിയാണ്. മനുഷ്യന്റെ പണിയല്ല. ഇത്തരം കാര്യങ്ങൾ പറഞ്ഞു സ്വയം നഷ്ടം ഉണ്ടാക്കിവയ്ക്കുക എന്നല്ലാതെ ഒന്നും ലഭിക്കുകയില്ല.

അബൂ സഈദ് ഖുദ്രി (റ) നിവേദനം ചെയ്യുന്നു. നബി (സ) ഒരിക്കൽ പറഞ്ഞു: തൊണ്ണൂറ്റൊമ്പതാളുകളെ കൊലചെയ്ത ഒരു മനുഷ്യൻ മുൻഗാമികളിലുണ്ടായിരുന്നു. (ഇനിയെങ്കിലും തൗബ ചെയ്ത് സ്വാലിഹായ ഒരാളായി ജീവിക്കാൻ അദ്ദേഹത്തിന് ആഗ്രഹമുണ്ടായി). അങ്ങനെ ഭൂലോകത്തു വെച്ച് ഏറ്റവും വലിയ പണ്ഡിതനെക്കുറിച്ച് അയാളന്വേഷിച്ചു. ഒരു പുരോഹിതനെക്കുറിച്ച് തനിക്കു വിവരം ലഭിച്ചപ്പോൾ അദ്ദേഹത്തിന്റെയടുക്കൽച്ചെന്നു പറഞ്ഞു: ഇതുവരെയായി തൊണ്ണൂറ്റൊമ്പതാളുകളെ കൊലചെയ്തിട്ടുള്ള ഈ കൊടുംപാപിയായ എനിക്ക് പശ്ചാത്താപിച്ച് മടങ്ങാൻ വല്ല മാർഗ്ഗവുമുണ്ടോ? ഇല്ലെന്ന് ആ പണ്ഡിതൻ മറുപടി പറഞ്ഞപ്പോൾ അദ്ദേഹത്തേയും കൂടി കൊലപ്പെടുത്തിക്കൊണ്ട് നൂറെണ്ണം പൂർത്തിയാക്കി. ഭൂലോകത്തു വെച്ച് ഏറ്റവും മഹാനായ പണ്ഡിതനെക്കുറിച്ച് അദ്ദേഹം വീണ്ടും അന്വേഷിച്ചപ്പോൾ വേറെയൊരു പണ്ഡിതനെക്കുറിച്ച് വിവരം ലഭിച്ചു. ഉടനെ അദ്ദേഹത്തിന്റെ അടുത്തുചെന്ന് പറഞ്ഞു: ഞാൻ നൂറാളുകളെ കൊലചെയ്തവനാണ്. എന്റെ തൗബ സ്വീകരിക്കപ്പെടുമോ? അദ്ദേഹം ചോദിച്ചു: നിന്റെ തൗബ സ്വീകരിക്കപ്പെടുന്നതിന് തടസ്സമുണ്ടെന്നാരുപറഞ്ഞു? നിർദ്ദിഷ്ടമാകുന്ന നാട്ടിലേക്ക് നീ പോകണം. അവിടെ അല്ലാഹുവിനെ ആരാധിക്കുന്നവരുണ്ട്. അവരോടൊപ്പം നീയും അല്ലാഹുവിനെ ആരാധിച്ചുകൊള്ളുക. നിന്റെ സ്വദേശത്തേക്ക് നീ ഒരിക്കലും മടങ്ങരുത്. അത് ഏറ്റവും ദുഷിച്ച സ്ഥലമാണ്. ആ പണ്ഡിതന്റെ ഉപദേശം സ്വീകരിച്ചുകൊണ്ട് അപ്പോൾ തന്നെ അദ്ദേഹം പുറപ്പെട്ടു. വഴിമദ്ധ്യേ അദ്ദേഹം മരണാസന്നനായി. (ഉദ്ദിഷ്ട സ്ഥലത്ത് എത്തിച്ചേരുന്നതിനു മുമ്പേ മരണം അദ്ദേഹത്തെ പിടികൂടി) അനുഗ്രഹത്തിന്റേയും ശിക്ഷയുടേയും മലക്കുകൾ അദ്ദേഹത്തിന്റെ കാര്യത്തിൽ പരസ്പരം കലഹിച്ചു.

റഹ്മത്തിന്റെ മലക്കുകൾ പറഞ്ഞു: അദ്ദേഹം എല്ലാ പാപങ്ങളിൽ നിന്നും പശ്ചാത്തപിച്ചുകൊണ്ട് അല്ലാഹുവിന്റെ സത്യമാർഗ്ഗമന്വേഷിച്ച് ഇവിടെ വന്നെത്തിയവനാണ്. ആയതുകൊണ്ട് ഞങ്ങളാണ് അവന്റെ പരിപാലനമേറ്റെടുക്കേണ്ടത്. ശിക്ഷയുടെ മലക്കുകൾ പറഞ്ഞു: അവൻ ഒരുപാടാളുകളെ കൊന്നവനും ജീവിതത്തിലൊരിക്കലും ഒരു വിധത്തിലുള്ള നന്മയും ചെയ്തിട്ടില്ലാത്തവനുമാകുന്നു. ഞങ്ങളാണ് അവനെ ഏറ്റെടുക്കേണ്ടത്. ഇതിനിടക്ക് മനുഷ്യരൂപത്തിൽ ഒരു മലക്ക് അവരുടെ അടുക്കൽ വന്നു ചേർന്നു. ഇക്കാര്യത്തിൽ അവർ അദ്ദേഹത്തെ മധ്യസ്ഥനാക്കി നിശ്ചയിച്ചപ്പോൾ, മധ്യസ്ഥത സ്വീകരിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം വിധിച്ചു: ഇവിടെ നിന്ന് ആ രണ്ടു ഭൂമിയിലേക്കുള്ള ദൂരം നിങ്ങൾ അളന്നുകണക്കാക്കുക. എന്നിട്ട് അവൻ ഏതു സ്ഥലത്തേക്കാണോ കൂടുതലടുത്തത് അവിടത്തുകാരനായി കണക്കാക്കേണ്ടതാകുന്നു. പ്രസ്തുത തീരുമാനം അംഗീകരിച്ചുകൊണ്ട് അവർ അളന്നു തിട്ടപ്പെടുത്തിയപ്പോൾ (സ്വാ

ദേശത്തേക്കാൾ) ലക്ഷ്യസ്ഥാനത്തോട് അദ്ദേഹം കൂടുതലടുത്തതായി അവർക്ക് ബോധ്യപ്പെട്ടതു കൊണ്ട് റഹ്മത്തിന്റെ മലക്കുകൾ അദ്ദേഹത്തിന്റെ ആത്മാവിനെ സ്വീകരിച്ചു.

അബൂഹുറയ്റ (റ) യിൽ നിന്ന് നിവേദനം. റസൂൽ (സ) പറഞ്ഞു: ദൈവസ്മരണ ചെയ്യുന്നവരെ അന്വേഷിച്ചുകൊണ്ട് വഴികളിൽ ചുറ്റിക്കൊണ്ടിരിക്കുന്ന ചില മലക്കുകൾ അല്ലാഹുവിനുണ്ട്. അങ്ങനെ ദിക്റ് (ദൈവസ്മരണ) ചൊല്ലുന്ന ആളുകളെ കണ്ടുമുട്ടിയാൽ നിങ്ങളുടെ ലക്ഷ്യത്തിലേക്ക് നിങ്ങൾ വരൂ! എന്നു പറഞ്ഞുകൊണ്ട് ചിറകുകളെ വിരുത്തി അവർ (മലക്കുകൾ) ഒന്നാനാകാശം വരെ പൊതിയുന്നതാണ്. അന്നേരം അവരെക്കുറിച്ച് റബ്ബ് മലക്കുകളോട് ചോദിച്ചറിയും - അവനാണെങ്കിൽ നല്ല പോലെ എല്ലാ കാര്യവും അറിയാം - എന്റെ അടിമകൾ എന്തു പറയുന്നു? മലക്കുകൾ പറയും: അവർ നിന്നെ കീർത്തനം ചെയ്യുകയും നിനക്ക് തക്ബീർ ചൊല്ലുകയും നിന്നെ സ്തുതിക്കുകയും നിന്നെ വന്ദിക്കുകയും ചെയ്യുന്നു. അല്ലാഹു ചോദിക്കും. അവരെന്നെ കണ്ടിട്ടുണ്ടോ? അല്ലാഹുവാണെ; അവർ നിന്നെ കണ്ടിട്ടില്ല എന്നു മലക്കുകൾ പറയും. അല്ലാഹു പറയും അവരെന്നെ കണ്ടിട്ടുണ്ടെങ്കിലോ? മലക്കുകൾ പറയും, അവർ നിന്നെ കണ്ടിട്ടുണ്ടെങ്കിൽ നിന്നെ കൂടുതൽ ആരാധിക്കുകയും, കൂടുതൽ വന്ദിക്കുകയും, കൂടുതൽ കീർത്തനം ചെയ്യുകയും ചെയ്യും. അപ്പോൾ അല്ലാഹു ചോദിക്കും. എന്താണവരുടെ ലക്ഷ്യം? മലക്കുകൾ പറയും. സ്വർഗ്ഗമാണവരുടെ ലക്ഷ്യം. അല്ലാഹു ചോദിക്കും, അതവർ കണ്ടിട്ടുണ്ടോ? മലക്കുകൾ പറയും. അല്ലാഹുവാണെ; അവരത് കണ്ടിട്ടില്ല. അവരത് കണ്ടാലോ? മലക്കുകൾ പറയും, അവരത് കണ്ടാൽ അത്യാഗ്രഹികളായിത്തീരും. അല്ലാഹു ചോദിക്കും, എന്തിൽ നിന്നാണ് അവർ രക്ഷതേടുന്നത്? മലക്കുകൾ പറയും: നരകത്തിൽ നിന്നാണ് അവർ രക്ഷ തേടുന്നത്. അതവർ കണ്ടിട്ടുണ്ടോ? മലക്കുകൾ പറയും: അല്ലാഹുവാണെ അവരത് കണ്ടിട്ടില്ല. അവരത് കണ്ടാലോ? മലക്കുകൾ പറയും: അവരത് കണ്ടാൽ അവിടെ നിന്ന് അതിശീഘ്രം ഓടിയൊളിക്കുകയും കഠോരമായി ഭയപ്പെടുകയും ചെയ്യും. അപ്പോൾ അല്ലാഹു പറയും: എന്നാൽ ഞാനവർക്ക് പൊറുത്തുകൊടുക്കുന്നു. അതിന് നിങ്ങളെ ഞാൻ സാക്ഷി നിറുത്തിയിരിക്കുന്നു. അന്നേരം ഒരു മലക്ക് പറയും: അവരിൽ ഉൾപ്പെടാത്ത ഒരാളുണ്ടല്ലോ? മറ്റെന്തോ ആവശ്യത്തിനു വേണ്ടി വന്നതായിരുന്നു അയാൾ, അല്ലാഹു പറയും: അവർ ഉത്തമസുഹൃത്തുക്കളാണ്. സുഹൃത്ത് ഹതഭാഗ്യനാകുകയില്ല. (ബുഖാരി, മുസ്‌ലിം)

വഴിയെ നടന്നുപോയ ഒരുവൻ ആ മജ്‌ലിസിൽ ഇരുന്ന കാരണത്താൽ അല്ലാഹു അവന് പൊറുത്തു കൊടുത്തു. കാരണം അന്നേരം അവന്റെ ചെവികളിലും ദൈവസ്മരണ പതിയുകയായിരുന്നു. ഇതിൽ നിന്ന് നമ്മുടെ പള്ളികളിൽ നടക്കുന്ന ഹദീസ്, മൽഫൂസാത്ത് തുടങ്ങിയ ദർസുകളിലും ജൽസകളിലും, ഇജ്തിമാകളിലും ആദ്യത്തെക്കാൾ കൂടുതൽ നാം പങ്കെടുക്കേണ്ടതാണെന്ന് മനസ്സിലാകുന്നു. നമ്മുടെ പാപം പൊറുക്കാനുള്ള എന്തുകാര്യമാണ് അല്ലാഹുവിന് ഇഷ്ടപ്പെടുന്നതെന്ന് നമുക്കെന്തറിയാം.

പിന്നീട് ജുമുഅ നമസ്കാരമാണ്. ജോലിയുണ്ടെന്ന് പറഞ്ഞ് ചിലയാളുകൾ ജുമുഅ ഉപേക്ഷിച്ചുകളയുന്നു. ജുമുഅ പ്രത്യേകമായ ആരാധനയുടെ ദിവസമാണ്. അത് ആഴ്ചയിൽ ഒരു തവണയാണ് വരുന്നത്. ഖുത്ബയും നമസ്കാരവും അതിലുണ്ട്. തീർച്ചയായും അത് കേൾക്കേണ്ടതാണ്. എങ്ങനെ ഏതു വിധത്തിലാണ് അല്ലാഹുവിന്റെ പൊറുക്കൽ നമുക്ക് ലഭിക്കുന്നതെന്ന് അറിയില്ല. അതുകൊണ്ട് എല്ലാവിധത്തിലും പരിശ്രമിക്കേണ്ടതാണ്.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു:

ആത്മീയമായ പച്ചപ്പ് സുരക്ഷിതവും ആരോഗ്യകരവുമായിരിക്കുന്നതിന്, അല്ലെങ്കിൽ ആ പച്ചപ്പിനെ അഭിവൃദ്ധിപ്പെടുത്തുന്നതിന് യഥാർത്ഥമായ ജീവിതത്തിന്റെ ഉറവിൽ നിന്ന് സുരക്ഷിതത്വത്തിന്റെ ജലം ചോദിക്കുക. ഇക്കാര്യമാണ് വിശുദ്ധഖുർആൻ മറ്റുവാക്കുകളിൽ ഇസ്തിഗ്ഫാർ എന്നു പറഞ്ഞിട്ടുള്ളത്.

അതുകൊണ്ട് എല്ലാ ദോഷങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നതിനും അവന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനും, ഉള്ളിൽ ആത്മീയത സൃഷ്ടിക്കുന്നതിനും വേണ്ടി ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: തന്റെ കടം വീട്ടുന്നതിന് തൗഫീഖ് കിട്ടാൻ ദുആ ചെയ്യാൻ ഒരാൾ പറഞ്ഞപ്പോൾ പറഞ്ഞു: ഇസ്തിഗ്ഫാർ ചൊല്ലിക്കൊണ്ടിരിക്കുക. മനുഷ്യൻ ദു:ഖത്തിൽ നിന്നും സുഖം കിട്ടുന്നതിനുള്ള രീതി ഇസ്തിഗ്ഫാർ ചെയ്യുക എന്നതാണ്. പറഞ്ഞു: ഇസ്തിഗ്ഫാർ അഭിവൃദ്ധിയുടെ താക്കോലാണ്. നിങ്ങളുടെ എല്ലാ വിധ അഭിവൃദ്ധിക്കും, കടത്തിൽ നിന്നും രക്ഷപ്പെടുന്നതിനും, പ്രയാസങ്ങൾ അകലുന്നതിനും ഇസ്തിഗ്ഫാർ തന്നെയാണ് വലിയൊരു മാർഗ്ഗം. എന്നാൽ, മറ്റൊരു സ്ഥലത്തു പറഞ്ഞതുപോലെ നല്ല വണ്ണം ചിന്തിച്ചും മനസ്സിലാക്കിയും അത് ചൊല്ലേണ്ടതാണ്. വെറുതെ പദങ്ങൾ ഉച്ചരിച്ചുകൊണ്ടിരുന്നിട്ട് കാര്യമില്ല. അതിനോടൊപ്പം ഉള്ളിലുള്ള തിന്മകളും മനസ്സിലാക്കുക. എന്നാൽ അഭിവൃദ്ധിയുടെ കവാടങ്ങൾ താങ്കൾക്ക് തുറന്നുകൊണ്ടിരിക്കുന്നതാണ്.

വീണ്ടും അവിടന്ന് പറയുന്നു: തനിക്കു മക്കളുണ്ടാകുന്നതിനായി ദുആ ചെയ്യാൻ ഒരാൾ

ഹസ്റത്ത് മസീഹ് മൗഊദ് (അ) നോട് അപേക്ഷിച്ചു. പറഞ്ഞു: ഒരുപാട് ഇസ്തിഗ്ഫാർ ചൊല്ലുക. ഇതുകൊണ്ട് പാപങ്ങൾ പൊറുക്കപ്പെടുകയും സന്താനങ്ങളെ അല്ലാഹു നല്കുകയും ചെയ്യുന്നു. പറഞ്ഞു: ദൃഢവിശ്വാസം വലിയൊരുകാര്യമാണ്. ദൃഢവിശ്വാസത്തിൽ പൂർണ്ണമായവനെ അല്ലാഹു പരിപാലിക്കുന്നു.

ഞാൻ പറഞ്ഞതു പോലെ, ഒരുപാട് ആളുകൾ മക്കളുണ്ടാകുന്നതിനും, മറ്റാവശ്യങ്ങൾക്കും വേണ്ടി എഴുതാറുണ്ട്. അവരും ഈ കുറിപ്പടി പരീക്ഷിച്ചുനോക്കേണ്ടതാണ്. പക്ഷേ കേവലം നാവുകൊണ്ട് ഉരുവിടൽ ആകാൻ പാടില്ല. മറിച്ച്, ഹൃദയത്തിന്റെ ആഴത്തിൽ നിന്ന് പൊറുക്കലിന്റെ തേട്ടമുണ്ടാകണം. പാപങ്ങളെ തൊട്ടുമാപ്പിരക്കണം. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുകയും വേണം.

എങ്ങനെയാണ് ഇസ്തിഗ്ഫാർ ചൊല്ലേണ്ടത് എന്നതാണ് മറ്റൊരു ചോദ്യം. ഇതിനെക്കുറിച്ച് ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: ഇസ്തിഗ്ഫാർ ഒരുപാട് ചൊല്ലുക. മനുഷ്യന് രണ്ടവസ്ഥയാണുള്ളത്. ഒന്നുകിൽ പാപം ചെയ്യാതിരിക്കുക. അല്ലെങ്കിൽ അല്ലാഹു ആ പാപത്തിന്റെ ദുഷ്ഫലങ്ങളിൽ നിന്ന് രക്ഷിക്കുക. ഇസ്തിഗ്ഫാർ ചെയ്യുന്നതുകൊണ്ട് ഒന്നുകിൽ അല്ലാഹു അതിന്റെ ദുഷ്ഫലങ്ങളിൽ നിന്ന് രക്ഷിക്കുന്നു. അല്ലെങ്കിൽ അയാളിൽ നിന്ന് പാപമുണ്ടാകുകയില്ല. ഇസ്തിഗ്ഫാർ ചെയ്യുന്നത് ഈ രണ്ടുകാര്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം.

ചെയ്തുപോയ പാപങ്ങൾ മറച്ചുവയ്ക്കാൻ അല്ലാഹുവിനോട് അപേക്ഷിക്കുക. രണ്ടാമത്തേത് വരുംകാലങ്ങളിൽ പാപത്തിൽ നിന്ന് രക്ഷപ്പെടാൻ അല്ലാഹുവിനോട് ദുആ ചെയ്യുക. എന്നാൽ ഇസ്തിഗ്ഫാർ വെറും നാവുകൊണ്ട് പൂർത്തിയാവുകയില്ല. ഹൃദയവും അതിനോടൊപ്പം നിൽക്കേണ്ടതാണ്. നമസ്കാരത്തിൽ സ്വന്തം ഭാഷയിലും ദുആ ചെയ്യേണ്ടത് നിർബന്ധമാണ്.

വീണ്ടും അവിടന്ന് പറയുന്നു: നല്ലവണ്ണം ഓർത്തുകൊൾക പദങ്ങൾ കൊണ്ട് ഒരു പ്രയോജനവും ഉണ്ടാവുകയില്ല. സ്വന്തം ഭാഷയിലും ഇസ്തിഗ്ഫാർ ചെയ്യാവുന്നതാണ്. അതായത് അല്ലാഹു കുറച്ചു പാപങ്ങൾ മാപ്പുചെയ്യുകയും, തുടർന്ന് പാപങ്ങളിൽ നിന്ന് സുരക്ഷിതമാക്കിവെക്കുകയും നന്മ ചെയ്യാൻ തൗഫീഖ് ചെയ്യുകയും വേണം. ഇതാണ് യഥാർത്ഥ ഇസ്തിഗ്ഫാർ. ഹൃദയം തൊട്ടറിയാതെ വെറും അസ്തഗ്ഫിറുല്ലാ, അസ്തഗ്ഫിറുല്ലാ എന്നിങ്ങനെ ഉരുവിട്ട് ചുറ്റിനടക്കുന്നതുകൊണ്ട് കാര്യമില്ല. ഓർമിക്കുക ഹൃദയത്തിൽ നിന്ന് പുറത്തുവരുന്ന കാര്യങ്ങളാണ് അല്ലാഹുവോളം എത്തുന്നത്. സ്വന്തം ഭാഷയിൽ അല്ലാഹുവിനോട് ഒരുപാട് ദുആ ചെയ്യേണ്ടതാണ്. അതുമുഖേന ഹൃദയത്തിലും സ്വാധീനമുണ്ടാകുന്നു. ഹൃദയത്തിലുള്ളതിന് സാക്ഷ്യം പറയൽ മാത്രമാണ് നാവിന്റെ ജോലി. ഹൃദയത്തിൽ ആവേശം തിരതല്ലിയാൽ, നാവും അതിനോടൊപ്പം ചേർന്നാൽ വളരെ നല്ല കാര്യമാണ്. ഹൃദയം കൂടാതെയുള്ള നാവിന്റെ പ്രാർത്ഥനകൾ നിരർത്ഥകമാണ്. ഹൃദയത്തിന്റെ ദുആകളാണ് യഥാർത്ഥ ദുആകൾ. ബലാ ഉണ്ടാകുന്നതിനു മുമ്പേ മനുഷ്യൻ മനസ്സിൽ ദുആ ചെയ്തുകൊണ്ടിരുന്നാൽ, ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരുന്നാൽ, ഔദാര്യവാനും കാരുണ്യവാനുമായ അല്ലാഹു കൂടെ ഉണ്ടായിരിക്കും. അങ്ങനെ ബലാ അകലുകയും ചെയ്യും. ബലാ ഇറങ്ങിക്കഴിഞ്ഞാൽ അതു മാറിപ്പോകുകയില്ല. അതുകൊണ്ട് ബലാ ഇറങ്ങുന്നതിന് മുമ്പേ ദുആ ചെയ്യേണ്ടതാണ്. ഒരുപാട് ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്. ഇപ്രകാരം അല്ലാഹു ബലായുടെ നേരത്ത് സുരക്ഷിതനാക്കി വെക്കുന്നതാണ്.

പൊതുവായി നമ്മൾ ലോകത്ത് കാണുന്നത് എന്താണ്? ഒരാൾക്ക് രോഗവും വിഷമവും ഉണ്ടാകുമ്പോൾ അയാൾ ആരെയെങ്കിലും വിളിക്കുന്നു. അങ്ങനെ അയാളെ സഹായിക്കാൻ ആൾ വരുന്നു. എപ്പോൾ അല്ലാഹുവിനെ വിളിക്കുകയാണെങ്കിലും, അല്ലാഹുവിന്റെ വാഗ്ദാനം തന്നെയുണ്ട്: നിങ്ങൾ ഒരു ചുവട് വെക്കുമ്പോൾ ഞാൻ രണ്ടു ചുവട് വെക്കുന്നു. നിങ്ങൾ നടന്നു വരുമ്പോൾ ഞാൻ ഓടി വരുന്നു. വീണ്ടും മസീഹ് മൗഊദ് (അ) പറയുന്നു: അല്ലാഹു പാപം ഉണ്ടാക്കുകയും പിന്നെ ആയിരക്കണക്കിനു വർഷങ്ങൾക്കു ശേഷം പരിഹാരത്തെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുക എന്നതല്ല യാഥാർത്ഥ്യം. ഈച്ചക്ക് രണ്ടു ചിറകുകൾ ഉണ്ട്, ഒന്നിൽ വിഷവും മറ്റേതിൽ ഔഷധവുമാണ്. ഇതേപോലെ മനുഷ്യനും രണ്ടുചിറകുകൾ ഉണ്ട്. ഒന്ന് പാപത്തിന്റെയും മറ്റേത് ലജ്ജയുടേയും. തൗബയുടെയും പ്രയാസത്തിന്റേയും. ഒരാൾ തന്റെ അടിമയെ കഠിനമായി അടിക്കുമ്പോൾ, അതിനുശേഷം പശ്ചാത്തപിക്കുകയും ചെയ്യുക എന്നത് സാധാരണ നിയമമാണ്. അതായത് അയാളിലെ രണ്ടു ചിറകുകളും പ്രവർത്തിക്കാൻ തുടങ്ങുന്നു. വിഷത്തോടൊപ്പം ഔഷധവുമുണ്ട്. വിഷം എന്തിനു സൃഷ്ടിക്കപ്പെട്ടു എന്നതാണ് പ്രശ്നം. അതിന്റെ മറുപടി വിഷം വിഷം തന്നെയാണ്. എന്നാൽ വിഘടിക്കുമ്പോൾ അത് രോഗ സംഹാരിയായി മാറുന്നു. വിഷം പ്രത്യേകമായ രാസപ്രവർത്തനത്തിന് വിധേയമാക്കുമ്പോൾ അത് മരുന്നായി പ്രവർത്തിക്കുന്നു. ഒരുപാട് ഔഷധങ്ങൾ വിഷങ്ങളിൽ നിന്ന് എടുക്കാറുണ്ട്.

പറയുന്നു: പാപം ഇല്ലായിരുന്നെങ്കിൽ അഹങ്കാരത്തിന്റെ വിഷം മനുഷ്യനിൽ വർദ്ധിക്കുമായിരുന്നു. അങ്ങനെ അവൻ നശിക്കുമായിരുന്നു. തൗബ അതിനു പ്രതിവിധിയാണ്. അഹങ്കാരവും ഡംഭും തമ്മിലുള്ള പാപം മനുഷ്യന് പശ്ചാത്തപിക്കാൻ അവസരം നല്കുന്നു. നിഷ്കളങ്കനായ നബി (സ) നിത്യേന

70 പ്രാവശ്യം ഇസ്തിഗ്ഫാർ ചെയ്തെങ്കിൽ, നമ്മൾ എന്താണ് ചെയ്യേണ്ടത്. പാപത്തെ ഇഷ്ടപ്പെടുന്നവ നാണ് അതിൽ നിന്നും പശ്ചാത്തപിച്ച് മടങ്ങാത്തത്. പാപം, പാപമാണെന്നറിയുന്നവൻ അവസാനം അത് ഉപേക്ഷിക്കുന്നതാണ്.

പറഞ്ഞു: ഹദീസിൽ വന്നിരിക്കുന്നു. മനുഷ്യൻ ആവർത്തിച്ചാവർത്തിച്ച്, കരഞ്ഞുകരഞ്ഞു അല്ലാഹുവിനോട് പൊറുക്കലിനെ തേടുമ്പോൾ അവസാനം അല്ലാഹു നിനക്ക് പൊറുത്തുതന്നിരിക്കുന്നുവെന്ന് പറയുന്നതാണ്. നീ എന്താണോ ആഗ്രഹിക്കുന്നത് അത് ചെയ്തുകൊൾക എന്നു പറയും. അതിന്റെ അർത്ഥം അവന്റെ ഹൃദയത്തെ മാറ്റിയെന്നാണ്. പാപം അവന് പ്രകൃത്യാ തിന്മയാണ് എന്ന് മനസ്സിലാകും. ആട് അഴുക്കു തിന്നുന്നത് കണ്ടാൽ അത് തിന്നാൻ ആരും അത്യാർത്തി കാണിക്കുകയില്ല. അപ്രകാരം അല്ലാഹു പൊറുത്തുകൊടുത്തവനും പാപം ചെയ്യുകയില്ല. മുസ്‌ലിംകൾക്ക് പന്നിയിറച്ചിയോട് പ്രകൃത്യാതന്നെ വെറുപ്പാണ്. വാസ്തവത്തിൽ ഹറാമും പാപവുമായ മറ്റു നിരവധി പ്രവൃത്തികൾ അവർ ചെയ്യുന്നുണ്ട്. ഇതിന്റെ യുക്തി എന്താണ്? ഇതിന്റെ യുക്തി വെറുപ്പ് എങ്ങനെ വേണമെന്നതിന് ഒരു മാതൃക കാണിച്ചു തന്നു. ഇങ്ങനെയാണ് മനുഷ്യൻ പാപത്തെ വെറുക്കേണ്ടതെന്ന് മനസ്സിലാക്കിതന്നു.

മനുഷ്യന്റെ ഹൃദയത്തിൽ പാപത്തിനോട് വെറുപ്പുണ്ടായാൽ, പിന്നീട് നന്നാവുന്നതിലേക്ക് ചുവടു വെക്കാൻ തുടങ്ങും. അങ്ങനെ മെല്ലെ മെല്ലെ എല്ലാ തിന്മകളും അകന്നുപോകും.

ചിലയുവാക്കളിലും പ്രായം ചെന്നവരിലും കാണുന്ന ചില കാര്യങ്ങളെക്കുറിച്ച് പരാതി ലഭിക്കുന്നുണ്ട്. ജമാഅത്ത് വ്യവസ്ഥിതിയോട് സഹകരിക്കുന്നില്ല. തർബിയത്ത് പരമായി വളരെ ബലഹീനരാണ്. വീട്ടിലും ടിവി മുഖേനയോ ഇന്റർനെറ്റ് മുഖേനയോ ചീത്ത സിനിമകൾ കാണുന്നു. നാം നമ്മുടെ വീട്ടിൽ കുട്ടികളിലും നമ്മളിലും ബോധവല്ക്കരണം നടത്തുന്നില്ലെങ്കിൽ, നമ്മുടെ വാക്കും പ്രവർത്തിയും വിരുദ്ധമാണെങ്കിൽ പരിഷ്കരണം ഉണ്ടാകുകയില്ല. ബൈഅത്ത് ചെയ്തതിനുശേഷം നമ്മൾ പരിശുദ്ധരാണെന്ന വാദം തികച്ചും പൊള്ളയായിരിക്കും. ഈ ദുഷിച്ച പരിപാടികൾ കണ്ടിട്ട്, സ്വന്തം ധാർമ്മികവും ആത്മീയവുമായ നഷ്ടത്തിനു പുറമേ സാമ്പത്തിക നഷ്ടവും നാം ഉണ്ടാക്കുന്നു. കാരണം അത്തരം പരിപാടികൾ മിക്കതും കുറച്ചു ചിലവഴിച്ചതിനു ശേഷമേ കിട്ടുകയുള്ളു. ഇതിലേക്ക് നമ്മുടെ ശ്രദ്ധയേ പോകാത്ത വിധമായിരിക്കണം നാം ചെയ്യുന്ന പശ്ചാത്താപവും പൊറുക്കലിനെ തേടലും.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: മനുഷ്യനിൽ ഞെരുക്കത്തിന്റെയും വികാസത്തിന്റെയും അവസ്ഥ വന്നും പോയും ഇരിക്കുന്നു. വികാസത്തിന്റെ അവസരത്തിൽ ദുആയോടുള്ള താല്പര്യം കൂടുന്നു. ഖൽബിൽ ഒരു സന്തോഷമുണ്ടാകുന്നു. അല്ലാഹുവിലേക്കുള്ള ശ്രദ്ധ കൂടുന്നു. നമസ്കാരത്തിൽ രുചിയും ആനന്ദവും ഉണ്ടാകുന്നു. എന്നാൽ ചിലപ്പോൾ ആ രുചിയും താല്പര്യവും ഇല്ലാത്ത സന്ദർഭവും ഉണ്ടാകുന്നു. മനസ്സിൽ ഞെരുക്കം അനുഭവപ്പെടുന്നു. അത്തരം അവസ്ഥയുണ്ടായാൽ അതിനുള്ള ചികിത്സ അധികമായി ഇസ്തിഗ്ഫാർ ചെയ്യുക, സ്വലാത്ത് ഒരുപാട് ചൊല്ലുക എന്നതാണ്. നമസ്കാരം വീണ്ടും വീണ്ടും അനുഷ്ടിക്കുക. ഞെരുക്കം അകലാൻ ഇതാണ് ചികിത്സ.

ഈ ആത്മീയമാറ്റം ഉള്ളിൽ ഉണ്ടാക്കണമെങ്കിൽ സ്ഥിരമായിട്ട് ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കേണ്ടി വരുമെന്നാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത്. നമസ്കാരത്തിലേക്ക് ശ്രദ്ധ വേണം. നമസ്കരിക്കുക. ഇസ്തിഗ്ഫാർ ചെയ്യുക. മനുഷ്യൻ അവന്റെയുള്ളിൽ ഒരു മാറ്റം അനുഭവിക്കുന്ന സമയം അല്ലാഹു തആല കൊണ്ടുവരുന്നതാണ്. പിന്നീടൊരിക്കൽ ആരെയോ ഉപദേശിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു: നമസ്ക്കാരവും ഇസ്തിഗ്ഫാറും മനസ്സിന്റെ അശ്രദ്ധയ്ക്കുള്ള നല്ല മരുന്നാണ്. നമസ്കാരത്തിൽ ദുആ ചെയ്യേണ്ടതാണ്. അല്ലാഹുവേ, നിനക്കും എന്റെ പാപത്തിനും ഇടയിൽ നീ ദൂരമിട്ടാലും. സത്യസന്ധതയോടെ മനുഷ്യൻ ദുആ ചെയ്തുകൊണ്ടിരുന്നാൽ അത് എപ്പോഴെങ്കിലും സ്വീകരിക്കപ്പെടുമെന്നത് തീർച്ചയാണ്.ധൃതിപ്പെടുന്നത് നല്ലതല്ല. കർഷകൻ വിത്തുവിതച്ചാലുടൻ കൊയ്യുകയില്ല. അക്ഷമകാണിക്കുന്നവൻ നിർഭാഗ്യവാനാണ്. നല്ല മനുഷ്യനാണെന്നതിന്റെ ലക്ഷണം അവൻ അക്ഷമകാണിക്കുകയില്ല എന്നതാണ്. അക്ഷമകാണിച്ചിട്ടുള്ളവർ വലിയനിർഭാഗ്യരായി പോയത് കണ്ടുകഴിഞ്ഞതാണ്.

ഒരുമനുഷ്യൻ കിണറിനുവേണ്ടി 20 മുഴം കുഴിക്കുകയും ഒരു മുഴം കുഴിക്കാതിരിക്കുകയും അക്ഷമനായി അതിന്റെ പണി ഉപേക്ഷിക്കുകയും ചെയ്താൽ അവൻ തന്റെ എല്ലാ ശ്രമവും കളഞ്ഞുകുളിക്കുകയാണ് ചെയ്യുന്നത്. ക്ഷമയോടെ ഒരുമുഴം കൂടി കുഴിച്ചിരുന്നെങ്കിൽ അവന് അവന്റെ ലക്ഷ്യം നേടാമായിരുന്നു. ഉത്സാഹത്തോടും ആവേശത്തോടും കൂടി ഈശ്വരജ്ഞാനത്തിന്റെ അനുഗ്രഹം നല്കപ്പെടുന്നത് എപ്പോഴും ദു:ഖത്തിനു ശേഷമാണ്. ഇതു അല്ലാഹുവിന്റെ നടപടി ക്രമമാണ്. എളുപ്പത്തിൽ അനുഗ്രഹം കിട്ടിയാൽ അതിന് ഒരു വിലയും ഉണ്ടാവുകയില്ല.

വീണ്ടും അവിടന്ന് പറയുന്നു: ഞാൻ നിങ്ങൾക്കിത് മനസ്സിലാക്കിത്തരാൻ ആഗ്രഹിക്കുകയാണ്. ആരാണോ ബലാ ഇറങ്ങുന്നതിനുമുമ്പേ പ്രാർത്ഥിക്കുന്നത്, ഇസ്തിഗ്ഫാർചെയ്യുന്നത്, സദഖ കൊടുക്കുന്നത് അല്ലാഹു അവന്റെ മേൽ കരുണ ചൊരിയുന്നു. ദൈവീകശിക്ഷയിൽ നിന്ന് അവനെ

രക്ഷിക്കുന്നു. ഞാൻ പറയുന്ന ഇക്കാര്യങ്ങൾ കഥയെന്നപോലെ നിങ്ങൾ കേൾക്കാതിരിക്കുക. അല്ലാഹുവിനെ കൊണ്ട് സത്യം ചെയ്തു ഞാൻ പറയുന്നു. നിങ്ങളുടെ അവസ്ഥകളിൽ നിന്ന് ചിന്തിക്കുക. നിങ്ങളുടെ സുഹൃത്തുക്കളോടും ദുആ ചെയ്യാൻ പറയുക. ദൈവീക ശിക്ഷയ്ക്കും കഠിനമായ നാശത്തിനും ഇസ്തിഗ്ഫാർ ഔഷധമായി പ്രവർത്തിക്കുന്നു.

ഖുർആൻ ശരീഫിൽ അല്ലാഹു പറയുന്നു.

***വമാ കാനല്ലാഹു മുഅദ്ദിബഹും വഹും യസ്തഗ്ഫിറൂൻ***

അവർ പാപമോചനത്തിന് പ്രാർത്ഥിക്കുന്ന അവസരത്തിലും അല്ലാഹു അവരെ ശിക്ഷിക്കുന്നവനല്ല. (8:34)

അതുകൊണ്ട് ഈ ദൈവീകശിക്ഷയിൽ നിന്ന് സുരക്ഷിതരായിരിക്കാൻ നിങ്ങളാഗ്രഹിക്കുന്നെങ്കിൽ ഇസ്തിഗ്ഫാർ അധികമായി ചൊല്ലുക.

ഇന്നത്തെ ലോകത്തിന്റെ വിഷമാവസ്ഥ നമുക്കറിയാം നാലുഭാഗത്തും കോലാഹലം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നിത്യേന മനുഷ്യന്റെ കർമ്മഫലമായി പുതിയ പുതിയ ഫിത്ന ഉടലെടുത്തുകൊണ്ടിരിക്കുന്നു. പുതിയ പുതിയ നാശങ്ങൾ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ ഒരുങ്ങികൊണ്ടിരിക്കുന്നു. അഹ്മദികളായ നമുക്ക് ദുആയിലേക്കും ഇസ്തിഗ്ഫാറിലേക്കും ഇപ്പോൾ ഒരുപാട് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ലോകത്തെ രക്ഷിക്കാൻ നമ്മുടെമേൽ വലിയ ഉത്തരവാദിത്തമാണുണ്ടായികൊണ്ടിരിക്കുന്നത്. അല്ലാഹു അത് നമുക്ക് മനസിലാക്കുവാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. നമുക്കുവേണ്ടിയും ഒരുപാട് ദുആ ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു. തന്റെ ദാസന്റെ തൗബ സ്വീകരിക്കുന്നവനാണ് നിങ്ങളുടെ അല്ലാഹു അവരുടെ തിന്മകൾ അവർക്ക് പൊറുത്തുകൊടുക്കുന്നു. **വമയ്യഅ്മൽ മിസ്ഖാല ദർറത്തിൻ ശർറയ്യറഹു** എന്നവചനവും ഖുർആനിലുണ്ടെന്ന് കരുതി ആരും വഞ്ചിതരാകരുത് അതായത് ഒരണു അളവ് തിന്മചെയ്യുന്നതായാൽ അവൻ അതിന്റെ ശിക്ഷകാണും. ഈ വചനവും മററുവചനവും തമ്മിൽ ഒരു വൈരുദ്ധ്യവുമില്ല. ഇവിടെ പറഞ്ഞ, ശർറ് കൊണ്ടുള്ള ഉദ്ദേശ്യം മനുഷ്യന്റെ പിടിവാശിയും തിന്മചെയ്യുന്നതിൽ നിന്ന് പിൻവാങ്ങാതിരിക്കലും തൗബാ ചെയ്യാതിരിക്കലുമാണ്. ഈ ഉദ്ദേശ്യത്തോടെയാണ് ഇവിടെ ശർറ് എന്നപദമുപയോഗിച്ചിരിക്കുന്നത്. സൂഅ് അഥവാ തിന്മ എന്ന പദം ഉപയോഗിക്കാതിരുന്നത്; ഉപദ്രവകരമായ എന്തോ പ്രവൃത്തിയാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത് എന്നു മനസ്സിലാക്കാൻ വേണ്ടിയാണ്. അതിൽ നിന്ന് ഉപദ്രവകാരി പിന്മാറാൻ ആഗ്രഹിക്കുന്നില്ല. ഖുർആൻ ശരീഫ് മുഴുവനും നിറഞ്ഞുകിടക്കുന്നത്, ലജ്ജയും തൗബയും, പിടിവാശി ഉപേക്ഷിക്കലും ഇസ്തിഗ്ഫാറും മുഖേന പാപം പൊറുക്കപ്പെടുമെന്നാണ്. എന്നുമാത്രമല്ല തൗബ ചെയ്യുന്നവരെ അല്ലാഹു സ്നേഹിക്കുന്നു.

പാപം സംഭവിച്ചുപോയാൽ അതിൽ ലജ്ജിക്കുകയും വിഷമിക്കുകയും ചെയ്തുകൊണ്ട് ഇസ്തിഗ്ഫാർ ചെയ്താൽ അല്ലാഹു അതിന്റെ ദുഷ്ഫലങ്ങളിൽനിന്ന് രക്ഷിക്കുന്നതാണ്. പാപം ചെയ്തിട്ട് ഒരിക്കലും പിടിവാശിയിൽ നിൽക്കരുത്. പിടിവാശിയാണെങ്കിൽ ബോധം നഷ്ടപ്പെടും. പിന്നീട് ഹസ്റത്ത് മസീഹ് മൗഊദ് (അ) ഈ ഖുർആനിക വചനമനുസരിച്ച് പറഞ്ഞതുപോലെ, മനുഷ്യൻ ശിക്ഷ ഏററുവാങ്ങുക തന്നെചെയ്യും.

അല്ലാഹുതആലാ നമ്മെ അവന്റെ സന്നിധിയിൽ കുനിയുന്നവരും പാപങ്ങളിൽ നിന്ന് പൊറുക്കലിനെ തേടുന്നവരുമാക്കി എന്നും നിലനിർത്തുമാറാകട്ടെ.

വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: തൗബ അഥവാ പശ്ചാത്താപം ഒരു ഭാഗത്ത് മരണം ആഗ്രഹിക്കുന്നു. ഇതിനു ശേഷം മനുഷ്യൻ ജീവിപ്പിക്കപ്പെടുന്നതാണ്. പിന്നെ അവൻ മരിക്കുകയില്ല. തൗബയ്ക്ക് ശേഷം മനുഷ്യൻ പുതിയ ജീവിതം കിട്ടി ലോകത്തു വന്നവനെ പോലെയാകേണ്ടതാണ്. ആദ്യം നടന്നപോലുള്ള നടത്തവും, ആദ്യം സംസാരിച്ചതുപോലുള്ള സംസാരവും പഴയ കൈ, കാലും തുടങ്ങി എല്ലാം പുതിയതായിത്തീരണം. കാണുന്നവന് ഇതവനല്ല, വേറൊരുത്തനാണെന്ന് മനസ്സിലാകണം. ഇങ്ങനെ തൗബ ചെയ്യുന്നവനാണെങ്കിൽ - ഇങ്ങനെയാണ് തൗബ ചെയ്യേണ്ടത് - ചെറിയ ചെറിയ കാര്യങ്ങൾ അവഗണിക്കുകയും സഹോദരീ സഹോദരന്മാരോടുള്ള കടമകൾ, അയൽവാസിയോടുള്ള കടമകൾ, സമൂഹത്തോടുള്ള കടമകൾ, തുടങ്ങി എല്ലാ കടമകളും നിറവേററുകയും എല്ലാ മാലിന്യങ്ങളിൽ നിന്നും തന്നത്താൻ ശുദ്ധീകരിക്കാൻ ശ്രമിക്കുകയും വേണ്ടതാണ്. സമൂഹത്തിലുള്ള എല്ലാ വിഷമങ്ങളിൽനിന്നും തിന്മയിൽനിന്നും രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്. ഉദാഹരണത്തിന്, സ്കൂളുകളിൽ പഠിക്കുന്ന 15,16 വയസ്സുള്ള കുട്ടികളിൽ സിഗററ്റു വലിക്കാനുള്ള ശീലം സാമൂഹികവിരുദ്ധർ ഉണ്ടാക്കാറുണ്ട്. അതിൽ മയക്കുമരുന്നും ചേർത്ത് കൊടുക്കാറുണ്ട്. പിന്നീട് അവർ അവരുടെ കൂട്ടുകാരിലും അതുണ്ടാക്കിതീർക്കും. അങ്ങനെ അത് വ്യാപിച്ചുകൊണ്ടിരിക്കും. അതുകൊണ്ട് കുട്ടികളുടെ മേൽ മാതാപിതാക്കൾ എപ്പോഴും ദൃഷ്ടിവെക്കേണ്ടതാണ്. സമൂഹത്തിലെ തിന്മയുടെ സ്വാധീനം ഒരിക്കലും നമ്മിലും നമ്മുടെ കുട്ടികളിലും വെളിപ്പെടാൻ പാടില്ല.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: പറഞ്ഞതിന്റെ ചുരുക്കം, തൗബയിൽ വലിയ വലിയ

ഫലമുണ്ടെന്ന് വിശ്വസിക്കുക. ഇതു അനുഗ്രഹ ങ്ങളുടെ ഉറവിടമാണ്. വാസ്തവത്തിൽ ഔലിയാക്കളും സ്വാലിഹീങ്ങളും, തൗബാ ചെയ്യുകയും പിന്നീടതിൽ ദൃഢമായി നില്ക്കുകയും ചെയ്യുന്നവരാണ്. അവർ പാപങ്ങളിൽ നിന്ന് അകന്നവരും അല്ലാഹുവിനോടു അടുത്തവരുമാണ്. പൂർണ്ണമായും തൗബചെയ്യുന്ന വ്യക്തിയെ ഒലി, ഖുത്ബ്, ഗൗസ് എന്നു പറയപ്പെടുന്നു. അതേ അവസ്തയിൽ അവർ അല്ലാഹുവിന്റെ സ്നേഹിതരായിത്തീരുന്നു. ഇതിനുശേഷം മനുഷ്യനുവേണ്ടി വിധിക്കപ്പെട്ടിരിക്കുന്ന ബലാകളും കെടുതികളും അകററപ്പെടുന്നു.

വീണ്ടും പറയുന്നു: എഴുന്നേൽക്കുക, തൗബചെയ്യുക. നിങ്ങളുടെ ഉടമസ്ഥനെ സൽകർമ്മം കൊണ്ട് തൃപ്തിപ്പെടുത്തുക. ഓർമിക്കുക വിശ്വാസ പരമായ തെററുകൾക്കുള്ള ശിക്ഷ മരണത്തിനു ശേഷമാണ്. ഹിന്ദുവാണോ ക്രിസ്ത്യാനിയാണോ മുസൽമാനാണോ എന്നതീരുമാനം ഖിയാമത്തു നാളിലായിരിക്കും. എന്നാൽ ആരാണോ അക്രമ ത്തിലും കൈയ്യേററത്തിലും കുററകൃത്യങ്ങളിലും അതിരുലംഘിക്കുന്നത്, അവന് ഈ സ്ഥലത്തു വെച്ചുതന്നെ ശിക്ഷനൽകുന്നു. അപ്പോൾ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് അവർക്ക് ഓടിപ്പോകാൻ പററുകയില്ല. അതുകൊണ്ട് നിങ്ങളുടെ റബ്ബിനെ വേഗം തൃപ്തിപ്പെടുത്തുക. ഭയാനകമായ ആ നാൾ വരുന്നതിനുമുമ്പേ. (ഇവിടെ പ്ലേഗിന്റെ ഉദാഹരണമാണ് നല്കിയിട്ടുള്ളത്. അതായത് പ്ലേഗ് ശക്തിപ്രാപിക്കുന്നനാൾ) ഇതിനെക്കുറിച്ച് മുൻകഴിഞ്ഞ നബിമാർ പറഞ്ഞിട്ടുള്ളതാണ്. (ഇന്നും എയ്ഡ്സിന്റെ രൂപത്തിലുള്ള തിന്മയുടെ വ്യാപനവും ഒരു തരത്തിലുള്ള പ്ലേഗ് തന്നെയാണ്).

പറഞ്ഞു: നിങ്ങൾ അല്ലാഹുവുമായി രഞ്ജിപ്പിലാകുക. അവൻ അങ്ങേയററം ഉദാരനാണ്. മനമുരുകി പെട്ടെന്ന് ചെയ്യുന്ന പശ്ചാത്താപത്തിന്റെ ഫലമായി എഴുപതു വർഷത്തെ പാപം പൊറുക്കാൻ അവനുകഴിയും. തൗബ സ്വീകരിക്കുകപ്പെടുക യില്ലെന്ന് പറയരുത്. ഓർമ്മിക്കുക, നിങ്ങളുടെ കർമ്മങ്ങൾ കൊണ്ട് നിങ്ങൾക്ക് ഒരിക്കലും രക്ഷപ്പെടാൻ കഴിയുകയില്ല. എപ്പോഴും രക്ഷിക്കുന്നത് അല്ലാഹുവിന്റെ ഫള്ലാണ്. അനുഗ്രഹമാണ്. കർമ്മങ്ങളല്ല.

ഉദാരനും കരുണാമയനുമായ അല്ലാഹുവേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചൊരിഞ്ഞാലും; നിന്റെ അടിയാന്മാരായ ഞങ്ങൾ നിന്റെ തിരുസന്നിദ്ധിയിൽ എന്നെന്നും വീഴുന്നതിനുവേണ്ടി.

നാളെ ഇൻശാ അല്ലാഹ് ഞാനൊരു പര്യടനത്തിനു പോകുകയാണ്. ജർമ്മനി തുടങ്ങിയ സ്ഥലങ്ങളിൽ ഇജ്തിമാകളും ജൽസകളുമുണ്ട്. അതിനു വേണ്ടിയും സഹോദരങ്ങളോട് ദുആയ്ക്ക് അഭ്യർത്ഥിക്കുകയാണ്. അല്ലാഹു തആലാ എല്ലാ രീതിയിലും അനുഗ്രഹീതമാക്കുന്നതിനുവേണ്ടി ദുആചെയ്യുക.

JUMA KHUTHUBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 14 - 05 - 2004 at Baithul Futhuh Mosque
Morden, London.

Translated by :
Moulavi Muhammad Ismail. H.A
Fort Kochi

*Page Layout & Type Set* : Majlis Khuddamul Ahmadiyya, Kakkanad
*Published by* : **Majlis Khuddamul Ahmadiyya, Kerala**